പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2236 | 23.01.2014-ൽ മറുപടിയ്ക്ക്

## ആർ. ജി. ജി. വി. വൈ. യിലേയ്ക്കുള്ള സർക്കാർ വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ബി. പി. എൽ. വിഭാഗങ്ങൾക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതിയായ ആർ. ജി. ജി. വി. വൈ നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) ആർ. ജി. ജി. വി. വൈ, 10-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ നടപ്പിലാക്കി. ഇതു പ്രകാരം 17238 ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിച്ചു. മറ്റു 13 ജില്ലകളിലും പദ്ധതി പ്രവൃത്തികൾ നടന്നു വരികയാണ്. 31-03-2014 ഓടു കൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) പ്രസ്തുത സ്കീം പ്രകാരം അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (ബി) ബി. പി. എൽ വിഭാഗത്തിൽ ഉൾപ്പെട്ട ഭവനങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതാണ്. |
| (സി) ഈ പദ്ധതിക്കായി കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് തുകയാണ് ലഭിച്ചിട്ടുള്ളത് ; | (സി) ലഭിച്ചിട്ടുണ്ട്. നാളിതു വരെയായി 119.478 കോടി രൂപ ലഭിച്ചു. |
| (ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് സംസ്ഥാന സർക്കാർ തുക നീക്കിവയ്ക്കേണ്ടതുണ്ടോ ; | (ഡി) അംഗീകാരം ലഭിച്ച പദ്ധതി തുക മുഴുവനും കേന്ദ്ര സർക്കാരിൽ നിന്നും 90% മൂലധന സബ്സിഡിയായും 10% റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ നിന്നും ലോണായും ലഭിക്കുന്നു. ബി. പി. എൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മുഴുവൻ തുകയും ഗ്രാൻറായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. |
| (ഇ) എങ്കിൽ നാളിതുവരെ സംസ്ഥാനം എന്തു തുക ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കുമോ ? | (ഇ) ആർ. ജി. ജി. വി. വൈ പദ്ധതിയ്ക്കു വേണ്ടി സംസ്ഥാന സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ നിന്നും 12.25% പലിശ നിരക്കിൽ, ലോണായി ലഭിക്കുന്ന തുക 5 വർഷത്തെ മൊറൊട്ടോറിയത്തോടു കൂടി, 15 വർഷത്തിനുള്ളിൽ തിരിച്ചടക്കുന്നു. |

സെക്ഷൻ ഓഫീസർ.